**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*563 04.07.2019-ൽ മറുപടി നൽകേണ്ടത്**

**വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുകയെന്ന നയം**

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ<br>,, റ്റി.വി.രാജേഷ്<br>,, ആന്റണി ജോൺ<br>,, പി.ടി.എ. റഹീം | | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സെക്കന്ററി, ഹയർസെക്കന്ററി തലത്തിലെ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുകയെന്ന കേന്ദ്രസർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം നടപ്പാക്കണമെന്ന നിർദ്ദേശം നിർബന്ധിതമാക്കിയതിനാൽ ഇതിനായി സംസ്ഥാനത്ത് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിതമാക്കണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ National Skill Qualification Framework (എൻ.എസ്.ക്യൂ.എഫ്) നടപ്പിലാക്കുന്നതിന് പ്രൊഫ.ആർ.വി.ജി മേനോൻ ചെയർമാനായ ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെയും എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ 2018-19 അധ്യയന വർഷത്തിൽ 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലും, 2019-20 വർഷം 35 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇതിനായി നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്; ഇവ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ നിർദ്ദേശമുണ്ടോ; നിർദ്ദിഷ്ട കോഴ്സുകളുടെ പ്രസക്തി പഠനവിധേയമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അയ്യായിരത്തിൽപരം ജോബ് റോളുകൾ അംഗീകരിച്ചിട്ടുണ്ട്. ആയതിൽ നിന്നും കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം ശുപാർശ ചെയ്ത 17 കോഴ്സുകളാണ് നിലവിൽ സംസ്ഥാനത്തെ 101 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ളത്. ടി 17 കോഴ്സുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 27.12.13ലെ വിജ്ഞാപന പ്രകാരം എല്ലാ ട്രെയിനിംഗ്, എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ എൻ.എസ്.ക്യു.എഫ് അധിഷ്ഠിത പാഠ്യപദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ളവയാക്കണമെന്ന് നിർദ്ദേശമുണ്ട്. കോഴ്സുകളുടെ പ്രസക്തി സംബന്ധിച്ച് കാലാകാലങ്ങളിൽ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ പഠന വിധേയമാക്കിയിട്ടുള്ളതാണ്. എസ്.സി.ഇ.ആർ.ടിയിലും, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പിലും യഥാക്രമം രൂപീകരിച്ചിട്ടുള്ള എൻ.എസ്.ക്യൂ.എഫ് സെല്ലും, ഐ.ഐ.ഐ സെല്ലും ടി കോഴ്സുകൾ പരിശോധിച്ചതിന് ശേഷമാണ് 17 പുതിയ കോഴ്സുകൾ സംസ്ഥാനത്തെ 101 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | നിർദ്ദിഷ്ട എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ എല്ലാ സ്കൂളുകളിലേക്കും വ്യാപകമാക്കുന്നതോടെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കും ടെക്നിക്കൽ ഹൈസ്കൂളുകൾക്കും പ്രത്യേക പ്രാധാന്യമുണ്ടാകാനിടയില്ലാത്തതിനാൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഏകീകരണത്തെക്കുറിച്ച് പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (സി) | എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതോടു കൂടി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രസക്തി നഷ്ടപ്പെടുകയല്ല മറിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും വിദ്യർത്ഥികൾക്ക് അവരുടെ റെഗുലർ പഠനത്തോടൊപ്പം ഒരു തൊഴിലധിഷ്ഠിത കോഴ്സും കൂടി പഠിക്കുവാനുള്ള അവസരമാണുണ്ടാവുന്നത്.<br><br>എന്നാൽ മികവിനായുള്ള വിദ്യാഭ്യാസം. വിദഗ്ധ സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പൊതു വിദ്യാഭ്യാസം, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം എന്നിവ ഏകീകരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ (Director of General Education) 31.05.19ലെ സ.ഉ(കൈ) നം.53/19/പൊ.വി.വ ഉത്തരവ് പ്രകാരം കൊണ്ടുവന്നിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| മേഖല | | ജോബ് റോളിന്റെ പേര് |
|---|---|---|
| Electronics & Hardware | 1. | Installation Technician-Computing Peripherals |
| Telecom | 2. | Optical Fibre Technician |
| Power | 3. | Distribution Linemen |
| | 4. | Cable Jointer- Electrical Power System |
| IT & IESS | 5. | Domestic Biometric Data Entry Operator |
| Agriculture | 6. | Micro Irrigation Technician |
| | 7. | Floriculturist (Open Cultivation) |
| | 8. | Gardener |
| | 9. | Dairy Farmer/Entrepreneur |
| | 10. | Floriculturist Protected Cultivation |
| Healthcare | 11. | General Duty Assistant |
| Beauty & Wellness | 12. | Beauty therapist |
| Tourism & Hospitality | 13. | Meet and Greet Officer |
| Retail | 14. | Sales Associates |
| Apparel makeup & Home furnishing | 15. | Self Employed Tailor |
| Automotive | 16. | Auto Service Technician |
| Plumbing Industry | 17. | Plumber General |

സെക്ഷൻ ഓഫീസർ